പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.10 | 07.08.2017 -ൽ മറുപടിയ്ക്ക്

ഓണക്കാലത്ത് അവശ്യവസ്തു വില നിയന്ത്രണ സംവിധാനം

ചോദ്യം

ശ്രീ.ബി.ഡി. ദേവസ്സി
ശ്രീ.ഡി.കെ. മുരളി
ശ്രീ.ഒ. ആർ. കേളു
ശ്രീ.എസ്.ശർമ്മ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓണക്കാലത്ത് അവശ്യവസ്തുക്കളുടെ, പ്രത്യേകിച്ച് അരിയുടെയും പച്ചക്കറിയുടെയും വില നിയന്ത്രിച്ച് നിർത്താനായി ഏർപ്പെടുത്തിയിട്ടുളള സംവിധാനം എന്തെന്ന് അറിയിക്കാമോ; | (എ) | ഓണക്കാലത്ത് വിപണിയിടപെടലിന്റെ ഭാഗമായി ജില്ലാ ഫെയറുകളും, താലൂക്ക് തല ഫെയറുകളും, പ്രത്യേക ഓണച്ചന്തകളും നടത്തുന്നതും സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും, വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന 13 ഇനം അവശ്യസാധനങ്ങൾക്ക് പുറമെ OMSS (Open Market Sale Scheme) പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും ഓണക്കാലത്തും വിതരണം തുടരുന്നതാണ്. നിത്യോപയോഗ സാധനങ്ങൾക്കു പുറമേ പൊതുവിപണിയിലെ വിലയേക്കാൾ 10 മുതൽ 20 ശതമാനം വരെ കുറഞ്ഞ നിരക്കിൽ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ പച്ചക്കറിയും ഓണം ഫെയറുകൾ വഴി വിതരണം നടത്തുന്നതാണ്. |
| (ബി) | അരി പൂഴ്ത്തി വച്ച് കരിഞ്ചന്തയിൽ കൊളളലാഭമുണ്ടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | (ബി) | അരി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ പൂഴ്ത്തി വയ്ക്കുന്നവർക്കെതിരെ 1955 ലെ അവശ്യ സാധന നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ആന്ധ്രാപ്രദേശിലെ മൊത്തക്കച്ചവടക്കാരും സംസ്ഥാനത്തെ ഇടനിലക്കാരും ചേർന്ന് അരിയ്ക്ക് കൃത്രിമ വിലക്കയറ്റം സൃഷ്ടിക്കുന്നത് തടയാനായി സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | ഇടനിലക്കാരെ ഒഴിവാക്കി വിലവർദ്ധനവ് തടയുന്നതിനും അരി ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി ഉന്നത തല സംഘം, ആന്ധ്രാപ്രദേശ് സർക്കാർ തലത്തിൽ ചർച്ചകൾ നടത്തുകയും ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി മില്ലുകളിൽ നിന്നും നേരിട്ട് അരി വാങ്ങി വിപണികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ